"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എറണാകുളം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ പ്രളയത്തോടനുബന്ധിച്ച് തോടുകൾ വൃത്തിയാക്കുന്നതിന് ചെലവായ തുക, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലെ തുക തികയാതെ വരുന്ന സാഹചര്യത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

**സ.ഉ.(സാധാ) നം.1631/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/09/2020

---

പരാമർശം:- 1 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2020 തീയതിയിലെ ഡി.പി 4-3748/19 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 29.06.2020 തീയതിയിലെ PAN/7466/2020-F3(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രളയത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ തോടുകൾ വൃത്തിയാക്കുന്നതിന് ഉപയോഗിച്ച ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയത്തിലെ ഫ്ലോട്ടിങ് ജെ.സി.ബി യുടെ അനുബന്ധ ചെലവുകൾ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. ടി ഇനത്തിൽ 6 ലക്ഷം രൂപ വിവിധ ഏജൻസികൾക്ക് നല്കുവാനുണ്ട്. എന്നാൽ നിലവിലുള്ള പദ്ധതി തുക, ചെലവുകൾ വഹിക്കുന്നതിനു അപര്യാപ്തമാണെന്നും ജി. ഓ പ്രോജക്ട് ആയതിനാൽ പദ്ധതിക്ക് ഭേദഗതി വരുത്തുവാനും സാധിക്കുന്നില്ലെന്നും ആയതിനാൽ ടി തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ തോടുകൾ വൃത്തിയാക്കുന്നതിന് ചിലവായ 6 ലക്ഷം രൂപ, ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലെ തുക തികയാതെ വരുന്ന സാഹചര്യത്തിൽ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.09.11 10:16:35 IST
Reason: Approved